നാടാകെ ശുചീകരണം

അരുവിക്കരയിൽ ശുചീകരണ യജ്ഞം സിപിഐ എം ജില്ലാ സെക്രട്ടറിയറ്റ് അംഗം കെ എസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു

സിഐടിയു കാട്ടാക്കട ഏരിയ കമ്മിറ്റിയുടെ ശുചീകരണം ജി സ്റ്റീഫൻ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു

സ്വന്തം ലേഖകർ

തിരുവനന്തപുരം

മാലിന്യമുക്ത കേരളത്തിനായി നാടാകെ ശുചീകരണ പ്രവർത്തനങ്ങൾ മുന്നേറുന്നു. ഞായറാഴ്ച സിഐടിയു നേതൃത്വത്തിൽ ജില്ലയിലെമ്പാടും ശുചീകരണം നടത്തി. പാളയം മാർക്കറ്റിൽ അഞ്ഞൂറിലേറെ തൊഴിലാളികളാണ് ശുചീകരണത്തിൽ പങ്കാളിയായത്. ജില്ലയിൽ പതിനായിരത്തിലേറെ തൊഴിലാളികളാണ് ആദ്യദിനം ശുചീകരണത്തിലേർപ്പെട്ടത്.

സിഐടിയു കാട്ടാക്കട ഏരിയ കമ്മിറ്റിയുടെ ശുചീകരണ പ്രവർത്തനത്തിന്റെ ഉദ്ഘാടനം കാട്ടാക്കട മാർക്കറ്റിൽ ജി സ്റ്റീഫൻ എംഎൽഎ നിർവഹിച്ചു. സിപിഐ എം കാട്ടാക്കട ഏരിയ സെക്രട്ടറി ഗിരി അധ്യക്ഷനായി. സിഐടിയു ഏരിയ സെക്രട്ടറി വിജയകുമാർ, സനൽ കുമാർ, തസ്ലീം, ബിജു, ഹുസൈൻ എന്നിവർ സംസാരിച്ചു.

സിഐടിയു നേതൃത്വത്തിൽ നെടുമങ്ങാട് ഏരിയയിലെ വിവിധ മേഖലകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നു.ഏരിയതല ശുചീകരണം നെടുമങ്ങാട് ജില്ലാ ആശുപത്രി പരിസരത്ത് സിഐടിയു ഏരിയ സെക്രട്ടറി മന്നൂർക്കോണം രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. പനവൂരിൽ മേഖലാ സെക്രട്ടറി എം എം അഷറഫ് ഉദ്ഘാടനം ചെയ്തു. മൂഴിയിൽ യൂണിറ്റ് അടിസ്ഥാനത്തിൽ ശുചീകരണം നടന്നു. വെമ്പായം മേഖലയിലെ ശുചീകരണം എസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്തു.

വിളപ്പിൽ

വിളപ്പിൽ ഏരിയയിലെ വിവിധ പ്രദേശങ്ങളിൽ ശുചീകരണ യജ്ഞം സംഘടിപ്പിച്ചു. അരുവിക്കര ഡാം സൈറ്റിൽ നടന്ന ശുചീകരണ യജ്ഞം സിപിഐ എം തിരുവനന്തപുരം ജില്ലാ സെക്രട്ടറിയറ്റ് അംഗം കെ എസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. ചെറിയ കൊണ്ണിയിൽ കാച്ചാണി മാർക്കറ്റ് ശുചീകരിച്ചു. ഏരിയ കമ്മിറ്റി അംഗം ഷാജു ഉദ്ഘാടനം ചെയ്തു. വെള്ളനാട് ചെറുകുളം മാർക്കറ്റും നഴ്സറി സ്കൂളും ശുചീകരിച്ചു. ഏരിയ കമ്മിറ്റി അംഗം എം രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. വിളപ്പിൽശാലയിൽ ഇരട്ടക്കുളം ശുചീകരണം ഐ ബി സതീഷ് എംഎൽഎ ഉദ്ഘാടനം ചെയ്തു. പേയാട് ബിഎസ്എൻഎൽ ഓഫീസ് പരിസരം ശുചീകരണം സിപിഐ എം വിളപ്പിൽ ഏരിയ സെക്രട്ടറി ആർ പി ശിവജി ഉദ്ഘാടനം ചെയ്തു. മലയിൻകീഴിൽ ശിശുക്ഷേമ സമിതി ജനറൽ സെക്രട്ടറി ജി എൽ അരുൺ ഗോപി ഉദ്ഘാടനം ചെയ്തു. വിളവൂർക്കലിൽ വിളവൂർക്കൽ മാർക്കറ്റ് ശുചീകരണം ഏരിയ കമ്മിറ്റി അംഗം സജിനകുമാർ ഉദ്ഘാടനം ചെയ്തു. പെരുകാവിൽ സിപിഐ എം വിളപ്പിൽ ഏരിയ സെക്രട്ടറി ആർ പി ശിവജി ഉദ്ഘാടനം ചെയ്തു.

വെള്ളറട

സിഐടിയു സ്ഥാപകദിനമായ മെയ് 7ന് വിവിധ മേഖലകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. ആര്യൻകോട് മേഖലയിൽ ബി കൃഷ്ണപിള്ള ഉദ്ഘാടനം ചെയ്തു. വീരേന്ദ്രപ്രസാദ്, അനിൽകുമാർ എന്നിവർ സംസാരിച്ചു. ആനാവൂർ, കുന്നത്തുകാൽ മേഖലകളിലെ ശുചിത്വ പരിപാടി ഏരിയ സെക്രട്ടറി എസ് എസ് റോജി ഉദ്ഘാടനം ചെയ്തു. ഒറ്റശേഖരമംഗലം മേഖലാ കമ്മിറ്റിയുടെ ശുചീകരണ പ്രവർത്തനം കെ എസ് സദാശിവൻ നായർ ഉദ്ഘാടനം ചെയ്തു. ടി എൽ ഷാജികുമാർ സംസാരിച്ചു.

സിഐടിയു നെയ്യാറ്റിൻകര ഏരിയ കമ്മിറ്റിയും ജനറൽ ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി എംപ്ലോയീസ് യൂണിയൻ (സിഐടിയു) നെയ്യാറ്റിൻകര ബ്രാഞ്ചും സംയുക്തമായി ജനറൽ ആശുപത്രി ശുചീകരിച്ചു. കെ ആൻസലൻ എംഎൽഎ ശുചീകരണ പ്രവർത്തനം ഉദ്ഘാടനം ചെയ്തു.

പാറശാല

സിഐടിയു പാറശാല ഏരിയ കമ്മിറ്റിയുടെ നേതൃത്വത്തിലുള്ള ശുചീകരണം ധനുവച്ചപുരത്ത് ജില്ലാ പഞ്ചായത്തംഗം വി എസ് ബിനു ഉദ്ഘാടനംചെയ്തു. സിഐടിയു ജില്ലാ കമ്മിറ്റിയംഗം എൻ എസ് നവനീത്കുമാർ, സെക്രട്ടറി ആറ്റുപുറം വിജയൻ, പ്രസിഡന്റ് വൈ കെ ഷാജി, ഏരിയ കമ്മിറ്റിയംഗങ്ങളായ ജെ ജയദാസ്, പ്രമോദ്, ഡൊമനിക് എന്നിവർ സംസാരിച്ചു.

സിഐടിയു പാറശാല ഏരിയ കമ്മിറ്റിയുടെ നേതൃത്വത്തിലുള്ള ശുചീകരണ പ്രവർത്തനത്തിന്റെ ഉദ്ഘാടനം ധനുവച്ചപുരത്ത് ജില്ലാ പഞ്ചായത്തംഗം വി എസ് ബിനു നിർവഹിച്ചു.

സിഐടിയു നേമം ഏരിയ കമ്മിറ്റിയുടെ നേതൃത്വത്തിൽ ബാലരാമപുരം മാർക്കറ്റിൽ നടത്തിയ മഴക്കാലപൂർവ ശുചീകരണം കൈത്തറി തൊഴിലാളി കൗൺസിൽ സംസ്ഥാന പ്രസിഡന്റ് പാറക്കുഴി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ സിഐടിയു നടത്തുന്ന ശുചീകരണ പ്രവർത്തനങ്ങൾ കെ ആൻസലൻ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു

സിഐടിയു നേതൃത്വത്തിൽ പാറശാല നടന്ന ശുചീകരണ പ്രവർത്തനത്തിന്റെ ഉദ്ഘാടനം ജില്ലാ പഞ്ചായത്തംഗം വി എസ് ബിനു നിർവഹിക്കുന്നു

നരുവാമൂട് ലോക്കലിൽ മൊട്ടമൂട് ജങ്ഷനിൽ നടന്ന ശുചീകരണം സിപിഐ എം ജില്ലാ കമ്മിറ്റി അംഗം എം എം ബഷീർ ഉദ്ഘാടനം ചെയ്യുന്നു

നേമം

സിപിഐ എം നേതൃത്വത്തിൽ നേമം ഏരിയയിലെ വിവിധ ലോക്കൽ കേന്ദ്രങ്ങളിൽ മഴക്കാലപൂർവ ശുചീകരണം സംഘടിപ്പിച്ചു. നരുവാമൂട് ലോക്കലിൽ മൊട്ടമൂട് ജങ്ഷനിൽ നടന്ന ശുചീകരണം ജില്ലാ കമ്മിറ്റി അംഗം എം എം ബഷീർ ഉദ്ഘാടനംചെയ്തു. ലോക്കൽ സെക്രട്ടറി എസ് കൃഷ്ണൻ നേതൃത്വം നല്കി. ബാലരാമപുരം നോർത്ത് ലോക്കലിൽ ബാലരാമപുരം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നടന്ന ശുചീകരണം ഏരിയ കമ്മിറ്റി അംഗം എ പ്രതാപചന്ദ്രൻ ഉദ്ഘാടനംചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി സുരേഷ്കുമാർ, ലോക്കൽ സെക്രട്ടറി എം എച്ച് സാദ്ദിഖ് അലി എന്നിവർ നേതൃത്വം നല്കി. നേമം ലോക്കലിൽ ശാന്തിവിള ആശുപത്രിയിൽ നടന്ന ശുചീകരണം ആശുപത്രി സൂപ്രണ്ട് ഡോ. ശിവകുമാർ ഉദ്ഘാടനം ചെയ്തു. ഏരിയ കമ്മിറ്റി അംഗം ആർ പ്രദീപ്കുമാർ, ലോക്കൽ സെക്രട്ടറി വി എസ് ഷാജി എന്നിവർ നേതൃത്വം നല്കി. പാപ്പനംകോട് ലോക്കലിൽ പാപ്പനംകോട് ജങ്ഷൻ ശുചീകരിച്ചു.

സിഐടിയു നേമം ഏരിയ കമ്മിറ്റിയുടെ നേതൃത്വത്തിൽ വിവിധ കേന്ദ്രങ്ങളിൽ മഴക്കാലപൂർവ ശുചീകരണം നടത്തി. ബാലരാമപുരം മാർക്കറ്റിൽ കൈത്തറി തൊഴിലാളി കൗൺസിൽ സംസ്ഥാന പ്രസിഡന്റ് പറക്കുഴി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു.

ബാലരാമപുരം നോർത്തിൽ തേമ്പാമുട്ടം സ്കൂളിൽ എസ് രാധാകൃഷ്ണനും പൂങ്കോട് സ്കൂളിൽ ടി മല്ലികയും ശാന്തിവിള ആശുപത്രിയിൽ ആർ പ്രദീപ്കുമാറും പാപ്പനംകോട്ട് കെ പ്രസാദും കൈമനത്ത് നീറമൺകര വിജയനും കല്ലിയൂരിൽ എസ് ആർ ശ്രീരാജും ശുചീകരണ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു.

നെടുമങ്ങാട് ജില്ലാ ആശുപത്രി ശുചീകരണം സിഐടിയു ഏരിയ സെക്രട്ടറി മന്നൂർക്കോണം രാജേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

പുരോഗമന കലാസാഹിത്യ സംഘം യൂണിറ്റ് സമ്മേളനം

വിളപ്പിൽ

പുരോഗമന കലാസാഹിത്യ സംഘം കുണ്ടമൺഭാഗം യൂണിറ്റ് സമ്മേളനം പുരോഗമന കലാസാഹിത്യ സംഘം ജില്ലാ കമ്മിറ്റിയംഗവും പ്രശസ്ത എഴുത്തുകാരനും കാഥികനുമായ ഇറയങ്കോട് വിക്രമൻ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് കെ പി ബീന അധ്യക്ഷയായി. സമ്മേളനത്തിന്റെ ഭാഗമായി വീട്ടുമുറ്റസദസ്സ് സംഘടിപ്പിച്ചു. ഗാനാലാപനം, കവിതാ പാരായണം തുടങ്ങി വിവിധ പരിപാടികൾ അവതരിപ്പിച്ചു. കെ പി ബീന (പ്രസിഡന്റ്), എസ് ആദർശ് (സെക്രട്ടറി), ഫസിൽ ദാസ്, രഞ്ജിനി രമേഷ് (വൈ. പ്രസിഡന്റ്), എൻ അജികുമാർ, എസ് ബിജു (ജോ. സെക്രട്ടറി), ഫ്ലോറൻസ് സരോജം (രക്ഷാധികാരി).

പെൻഷൻ സംരക്ഷണസദസ്സ്

കരകുളം

കെഎസ്കെടിയു കരകുളം ലോക്കൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ പെൻഷൻ സംരക്ഷണസദസ്സ് സംഘടിപ്പിച്ചു. യൂണിയൻ സംസ്ഥാന സെക്രട്ടറി എൻ ചന്ദ്രൻ ഉദ്ഘാടനം ചെയ്തു. ലോക്കൽ പ്രസിഡന്റ് ഡി സണ്ണി അധ്യക്ഷനായി. ഏരിയ സെക്രട്ടറി ആർ ദിനേശ്, പ്രസിഡന്റ് ജി സ്റ്റാൻലി, ജില്ലാ കമ്മിറ്റി അംഗം സി അജിത്, ബി അജീഷ്, ടി ഗീത, ജി വിദ്യാധരൻ എന്നിവർ സംസാരിച്ചു.

സിനിമ

തിരുവനന്തപുരം

കൈരളി
- 2018 (11.00, 2.30, 6.15, 9.15, 11.59)

ശ്രീ
- പാച്ചുവും അത്ഭുതവിളക്കും (11.00, 2.30, 6.00, 9.30)

നിള
- പൊന്നിയിൻ സെൽവൻ 2 (T) (11.00)
- പൊന്നിയിൻ സെൽവൻ 2 (M) (2.30, 6.00, 9.30)

കലാഭവൻ
- പൊന്നിയിൻ സെൽവൻ 2 (11.00, 9.30)
- പാച്ചുവും അത്ഭുതവിളക്കും (2.30, 6.00)

ലെനിൻ സിനിമാസ്
- നീലവെളിച്ചം (4.00, 9.00)
- ബി32 - 44 (11.30)
- EVIL DEAD RISE (2.00, 7.00, 11.30)

അജന്ത
- പൊന്നിയിൻ സെൽവൻ 2 (6.30, 10.00)
- അനുരാഗം (11.30, 2.30)

ഏരീസ് പ്ലക്സ് എസ്എൽ സിനിമാസ്

ഓഡി 1
- EVIL DEAD RISE (10..30)
- KISI KI BHAI KISI KI JAAN (H) (12.45)
- നീലവെളിച്ചം (4.00, 7.15, 10.30)

ഓഡി 2
- മദനോത്സവം (11.15, 2.00, 4.45, 7.45, 10.55)

ഓഡി 3
- യാനി മുഗുതാൻ (12.15)
- അടി (2.45, 8.00)
- കായ്പോള (5.30)
- യാതിസായ് (10.45)

ഓഡി 4
- സുലേഖ മൻസിൽ (10.30)
- അയൽവാശി (1.00, 3.15, 8.30, 11.00)
- കഠിനകഠോരം (5.45)

ഓഡി 5
- നീലവെളിച്ചം (11.15)
- കഠിനകഠോരം (2.15, 10.15)
- KISI KI BHAI KISI KI JAAN (H) (5.00)
- EVIL DEAD RISE (8.00)

ഓഡി 6
- കഠിനകഠോരം (10.30)
- EVIL DEAD RISE (1.00, 5.30)
- സുലേഖാ മൻസിൽ (3.00, 7.45, 10.30)

വർക്കല

വിമല
- പാച്ചുവും അത്ഭുതവിളക്കും (11.00, 3.00, 6.30, 9.45)

എസ് ആർ
- പത്താം വളവ് (11.00, 3,00, 6.30, 9.45)

സ്റ്റാർ
- DON (11.00, 3.00, 6.15, 9.30)

വെഞ്ഞാറമൂട്

സിന്ധു സിനിമ
- വിശുദ്ധ മെജോ (11.15, 2.30, 6.15, 9.30)

പോത്തൻകോട്

എച്ച് കെ സിനിമാസ് (0471 2715555)
- പൊന്നിയിൻ സെൽവൻ 2 (11.00, 2.30, 6.00, 9.30)

എം ടി സിനി പ്ലക്സ് (2419515)

ടെല 1
- പാച്ചുവും അത്ഭുതവിളക്കും (11.00, 2.30, 6.15, 9.45)

ടെല 2
- EVIL DEAD RISE (11.00, 2.30, 6.30, 9.30)

നെടുമങ്ങാട്

റാണി ടാക്കീസ്

സ്ക്രീൻ 1
- 2018 (11.00, 2.30, 6.00, 9.30)

സ്ക്രീൻ 2
- പൊന്നിയിൻ സെൽവൻ 2 (11.00, 230, 6.00, 9.30)

കാട്ടാക്കട

എസ് എൽ സിനിമാസ്

സ്വരം
- 2018 (11.15, 2.30, 6.15, 9.15)

ലയം
- പൊന്നിയിൻ സെൽവൻ 2 (11.30, 2.30, 6.30, 9.30)

ശ്രീ കാളിദാസ് (9562404499)

ഓഡി 1
- 2018(4 ഷോ)

ഓഡി 2
- പൊന്നിയിൻ സെൽവൻ 2 (4 ഷോ)

ഓഡി 3
- പൊന്നിയിൻ സെൽവൻ 2 (4 ഷോ)

ഓഡി 4
- കേരള സ്റ്റോറി 2 (11.00, 9.30)

ഓഡി 5
- വിരുപക്ഷ (6.15? 9.30)
- മദനോത്സവം (6.15,9.30)

ഓഡി 6
- പാച്ചുവും അത്ഭുതവിളക്കും (4 ഷോ)

ആശാൻ ജന്മവാർഷിക ആഘോഷങ്ങൾ സമാപിച്ചു

ആശാൻ ജന്മവാർഷിക സമാപന സമ്മേളനം മന്ത്രി ജി ആർ അനിൽ ഉദ്ഘാടനം ചെയ്യുന്നു

ചിറയിൻകീഴ്

അഞ്ചുതെങ്ങ് കായിക്കര ആശാൻ സ്മാരകത്തിൽ സംഘടിപ്പിച്ച കുമാരനാശാൻ ജന്മവാർഷിക ശതോത്തര കനക ജൂബിലി ആഘോഷങ്ങൾ സമാപിച്ചു. സമാപന സമ്മേളനം ഭക്ഷ്യ പൊതുവിതരണമന്ത്രി ജി ആർ അനിൽ ഉദ്ഘാടനം ചെയ്തു. ജോർജ് ഓണക്കൂർ അധ്യക്ഷനായി.

വാർഷികാഘോഷത്തോട് അനുബന്ധിച്ച് യുവ കവികൾക്കായി ഏർപ്പെടുത്തിയ കെ സുധാകരൻ സ്മാരക പുരസ്കാരമായ 50,000 രൂപയും പ്രശസ്തിപത്രവും ഫലകവും യു കലേഷിന് മന്ത്രി വിതരണം ചെയ്തു. ആശാൻ ശതോത്തര കനക ജൂബിലി സ്മാരക ഗ്രന്ഥം ജോർജ് ഓണക്കൂർ പ്രകാശിപ്പിച്ചു. ചടങ്ങിൽ ഗ്രന്ഥശാലയ്ക്കായി 201 പുസ്തകം കൈമാറിയ എൻജിനിയർ ഹരീന്ദ്രനാഥനെ ആദരിച്ചു. കലാസാഹിത്യ മത്സരങ്ങളിൽ വിജയികളായ വിദ്യാർഥികൾക്കുള്ള അവാർഡുകളും ക്യാഷ് പ്രൈസും നളിനി വിജയരാഘവൻ വിതരണം ചെയ്തു. അസോസിയേഷൻ ട്രഷറർ ബി ഭുവനേന്ദ്രൻ, ജില്ലാ പഞ്ചായത്ത് അംഗം ആർ സുഭാഷ്, ഗവേണിങ് ബോഡി അംഗങ്ങളായ, സി വി സുരേന്ദ്രൻ, ചെറുന്നിയൂർ ജയപ്രകാശ്, വി ലൈജു, ആനയറ ഷാജി, ഗീത നസീർ, ശാന്തൻ എന്നിവർ സംസാരിച്ചു.

കെഎസ്കെടിയു വനിതാ കൺവൻഷൻ

കെഎസ്കെടിയു ജില്ലാ വനിതാ കൺവൻഷൻ യൂണിയൻ അഖിലേന്ത്യ വൈസ് പ്രസിഡന്റ് കെ കോമളകുമാരി ഉദ്ഘാടനം ചെയ്യുന്നു

തിരുവനന്തപുരം

കെഎസ്കെടിയു തിരുവനന്തപുരം ജില്ലാ വനിതാ കൺവൻഷൻ യൂണിയൻ അഖിലേന്ത്യ വൈസ് പ്രസിഡന്റ് കെ കോമളകുമാരി ഉദ്ഘാടനം ചെയ്തു. കെ അംബിക അധ്യക്ഷയായി. വനിതാ ഗുസ്തിതാരങ്ങളെ അപമാനിച്ച ബിജെപി എംപിയും ഗുസ്തി ഫെഡറേഷൻ പ്രസിഡന്റുമായ ബ്രിജ് ഭൂഷണെ അറസ്റ്റ് ചെയ്യണമെന്ന് കൺവൻഷൻ ആവശ്യപ്പെട്ടു. ഷേർളി കുമാർ, ഷിനി, ചന്ദ്രമതി ടീച്ചർ, കെഎസ്കെടിയു സംസ്ഥാന ജനറൽ സെക്രട്ടറി എൻ ചന്ദ്രൻ, അഖിലേന്ത്യ കർഷക തൊഴിലാളി യൂണിയൻ വർക്കിങ് കമ്മിറ്റി അംഗം ഒ എസ് അംബിക, കെഎസ്കെടിയു ജില്ലാ സെക്രട്ടറി കെ ശശാങ്കൻ, പ്രസിഡന്റ് എ ഗണേശൻ സംസാരിച്ചു. ഷേർളി കുമാർ (കൺവീനർ). ഉഷാകുമാരി, ഷിനി, ബീന (ജോയിന്റ് കൺവീനർമാർ).

സമ്പൂർണ മാലിന്യ നിർമാർജന പദ്ധതി

വെള്ളറട

പാറശാല മണ്ഡലത്തിലെ സമ്പൂർണ മാലിന്യ നിർമാർജന പദ്ധതി ക്രിയാത്മകമായി തുടരുന്നു.

ഇതിന്റെ ഭാഗമായി ക്ലീൻ കേരള മിഷൻ പ്രവർത്തകർക്ക് പഴയ ചെരുപ്പുകൾ, ബാഗ് തുടങ്ങിയവ കുന്നത്തുകാലിൽ സി കെ ഹരീന്ദ്രൻ എംഎൽഎയുടെ നേതൃത്വത്തിൽ കൈമാറി. കുറുവാട് ചന്ത കേന്ദ്രമാക്കി നടന്ന മാലിന്യ സമാഹരണയജ്ഞ പരിപാടിയിൽ ഗ്രാമ പഞ്ചായത്തു പ്രസിഡന്റ് ആർ അമ്പിളി അധ്യക്ഷയായി. സി കെ ഹരീന്ദ്രൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ജി കുമാർ, കെ എസ് ഷീബാറാണി, എസ് എസ് റോജി, മേരി മിനി ഫ്ളോറ എന്നിവർ സംസാരിച്ചു.

കുന്നത്തുകാലിൽ സി കെ ഹരീന്ദ്രൻ എംഎൽഎ പഴയ ചെരുപ്പുകൾ, ബാഗ് തുടങ്ങിയവ ക്ലീൻ കേരള മിഷൻ പ്രവർത്തകർക്ക് കൈമാറുന്നു

വ്യാപാരി വ്യവസായി സമിതി ജില്ലാ സമ്മേളന സ്വാഗതസംഘം ഓഫീസ് കെ ആൻസലൻ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു

2023 മേയ് 7 ഞായറാഴ്ച 3.30 PM ന്
ശ്രീമതി ഗായത്രി വർഷ

പുരോഗമന കലാസാഹിത്യ സംഘം കാട്ടാക്കട മേഖലാ കമ്മിറ്റി സംഘടിപ്പിച്ച പോൾ സുധാകരൻ അനുസ്മരണം നടി ഗായത്രി ഉദ്ഘാടനം ചെയ്യുന്നു

പോൾ സുധാകരൻ അനുസ്മരണം സംഘടിപ്പിച്ചു

കാട്ടാക്കട

പുരോഗമന കലാസാഹിത്യ സംഘം കാട്ടാക്കട മേഖലാ കമ്മിറ്റി പോൾ സുധാകരൻ അനുസ്മരണവും നാടകപ്രവർത്തകരുടെ കൂട്ടായ്മയും സംഘടിപ്പിച്ചു. ഒരു നാടക കാലത്തിന്റെ ഓർമയ്ക്ക് എന്ന പരിപാടി സിനിമാ നടി ഗായത്രി ഉദ്ഘാടനം ചെയ്തു. ജില്ലാ ജോയിന്റ് സെക്രട്ടറി എസ് രാഹുൽ അധ്യക്ഷനായി. മേഖലാ വൈസ് പ്രസിഡന്റ് പി എസ് പ്രഷീദ് അനുസ്മരണ പ്രഭാഷണം നടത്തി. കാട്ടാക്കടയുടെ തിയറ്റർ രംഗത്തെ പ്രതിഭകളായ കള്ളിക്കാട് ശശി, മുതിയാവിള വിജയൻ, സുരേഷ് മുതിയാവിള, ശിവൻ ഭാവന, മുതിയാവിള സുരേന്ദ്രൻ, ശ്രീകുമാർ ആമച്ചൽ, ഗിരീഷ് അമ്പാടി, എ അനന്തലക്ഷ്മി, ശിവജിത് ശിവൻ എന്നിവർക്ക് സ്നേഹോപഹാരം നൽകി. മേഖലാ പ്രസിഡന്റ് കെ ഉപേന്ദ്രൻ, എ ഐ പ്രസന്നകുമാരി, മേഖലാ സെക്രട്ടറി മംഗലയ്ക്കൽ ശശി, ട്രഷറർ കാട്ടാക്കട രാമചന്ദ്രൻ എന്നിവർ സംസാരിച്ചു.

എൻഎഫ്പിഇ അംഗീകാരം പുനഃസ്ഥാപിക്കണം

സ്വന്തം ലേഖകൻ

തിരുവനന്തപുരം

എൻഎഫ്പിഇയുടെ അംഗീകാരം പുനഃസ്ഥാപിക്കണമെന്ന് നാഷണൽ ഫെഡറേഷൻ ഓഫ് പോസ്റ്റൽ എംപ്ലോയീസ് തിരുവനന്തപുരം സൗത്ത് ഡിവിഷണൽ സമ്മേളനം ആവശ്യപ്പെട്ടു. വി കെ പ്രശാന്ത് എംഎൽഎ ഉദ്ഘാടനം ചെയ്തു. എ പ്രകാശൻ അധ്യക്ഷനായി. പി കെ മുരളീധരൻ, എ ബി ലാൽകുമാർ, വിനോദ്കുമാർ, എസ് ബാബു, എസ് രാജീവ് എന്നിവർ സംസാരിച്ചു. ഭാരവാഹികൾ: എഐപിഇയു ഗ്രൂപ്പ് സി യൂണിയൻ– കെ കെ അജിത്കുമാർ (പ്രസിഡന്റ്), എസ് രാജീവ് (സെക്രട്ടറി). പോസ്റ്റ്മാൻ/എംടിഎസ് യൂണിയൻ– എസ് മണിക്കുട്ടൻ (പ്രസിഡന്റ്), എ സതീഷ്കുമാർ (സെക്രട്ടറി), ഇഡിഎസ് യൂണിയൻ– അഖിൽ (പ്രസിഡന്റ്), ആർ ശരത് (സെക്രട്ടറി).

കാപ്പ കേസിൽ അറസ്റ്റിൽ

വർക്കല

മുഹമ്മദ് താഹിർ

നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയായ വർക്കല മേൽവെട്ടൂർ മൗണ്ട്മുക്ക് തണ്ണിവിളവീട്ടിൽ മുഹമ്മദ് താഹിറി (25, കാവു)നെ കാപ്പ പ്രകാരം വർക്കല പൊലീസ് അറസ്റ്റുചെയ്തു. ജില്ലാ കളക്ടറുടെ കാപ്പ നിയമപ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലാ പൊലീസ് മേധാവി ഡി ശിൽപ്പ, വർക്കല ഡിവൈഎസ്പി സി ജെ മാർട്ടിന്റെയും നിർദ്ദേശാനുസരണമാണ് അറസ്റ്റ്. വർക്കല, കടയ്ക്കാവൂർ, അഞ്ചുതെങ്ങ് തുടങ്ങിയ സ്റ്റേഷനുകളിൽ നരഹത്യാശ്രമം, തട്ടിക്കൊണ്ടുപോകൽ, ഭീഷണിപ്പെടുത്തൽ തുടങ്ങി നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയായ താഹിർ തുടർന്നും അക്രമ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള സാഹചര്യം ഒഴിവാക്കാനാണ് കരുതൽ തടങ്കലിലാക്കിയത്. വർക്കല എസ്എച്ച്ഒ എസ് സനോജ്, എസ്ഐമാരായ എസ് അഭിഷേക്, അബ്ദുൽ ഹക്കീം, ഡബ്ലിയുഎസ് സിപിഒ ഹേമാവതി, സിപിഒമാരായ ബിനു ശ്രീദേവി, ഷജീർ, റാം ക്രിസ്റ്റിൻ, പ്രവീൺ നെൽസൺ എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ അറസ്റ്റുചെയ്തത്.

ശ്രീകരുണാകര ഗുരുവിന്റെ മാനവികദർശനം മാതൃക: മന്ത്രി

മംഗലപുരം

കലുഷിതമായ സാമൂഹ്യസാഹചര്യങ്ങളിൽ ലോകത്തിന് വഴികാട്ടിയാകുന്നത് നവജ്യോതി ശ്രീ കരുണാകര ഗുരുവിനെപ്പോലുള്ള നവോത്ഥാന ഗുരുക്കൻമാരുടെ മാനവിക ദർശനങ്ങളാണെന്ന് മന്ത്രി ജി ആർ അനിൽ പറഞ്ഞു. ശാന്തിഗിരി ആശ്രമത്തിൽ ഇരുപത്തിനാലാമത് നവഒലി ജ്യോതിർദിനം ആഘോഷങ്ങളുടെ സമർപ്പണത്തോടനുബന്ധിച്ച് നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. സമൂഹത്തിൽ സാഹോദര്യവും സമത്വവും സാമൂഹ്യനീതിയും അഭിവൃദ്ധിപ്പെടുത്താൻ ഗുരു നടത്തിയ പ്രവർത്തനങ്ങൾ എക്കാലവും ഓർക്കും. മനുഷ്യനെ ഒന്നായി കാണാനും മാനുഷിക ഐക്യവും ഉന്നമനവും സാഹോദര്യവും സ്നേഹവുമാണ് വലുതെന്ന് തലമുറകളെ മനസ്സിലാക്കിക്കാനും ശ്രദ്ധാപൂർവമായ ഇടപെടലാണ് ഗുരു നടത്തിയതെന്ന് മന്ത്രി പറഞ്ഞു. ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി അധ്യക്ഷനായി.

അങ്കണവാടി വർക്കർ, ഹെൽപ്പർ ഒഴിവ്

വർക്കല

ഐസിഡിഎസ് വർക്കല അഡീഷണൽ ഓഫീസ് പരിധിയിലുള്ള വർക്കല മുനിസിപ്പാലിറ്റി അങ്കണവാടിയിൽ വർക്കർ, ഹെൽപ്പർ ഒഴിവുകളിലേക്ക് മുനിസിപ്പാലിറ്റിയിലെ സ്ഥിരതാമസക്കാരായ വനിതകളിൽനിന്ന് അപേക്ഷ ക്ഷണിച്ചു. വർക്കർ തസ്തികയിൽ പത്താം ക്ലാസാണ് യോഗ്യത. എഴുത്തും വായനയും അറിയാവുന്ന പത്താം ക്ലാസ് വിജയിക്കാത്തവർക്ക് ഹെൽപ്പർ തസ്തികയിലേക്ക് അപേക്ഷിക്കാം. അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, വയസ്സ്, ജാതി എന്നീ സർട്ടിഫിക്കറ്റുകളുടെ പകർപ്പും താൽക്കാലികമായി ജോലി ചെയ്തിട്ടുണ്ടെങ്കിൽ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റും ഹാജരാക്കണമെന്ന് ശിശുവികസന പദ്ധതി ഓഫീസർ അറിയിച്ചു. 25 വരെ അപേക്ഷിക്കാം. അപേക്ഷയുടെ മാതൃകയ്ക്കും വിശദ വിവരങ്ങൾക്കും ഐസിഡിഎസ് വർക്കല അഡീഷണൽ ഓഫീസുമായി ബന്ധപ്പെടണം.

സ്വാഗതസംഘം ഓഫീസ് തുറന്നു

വെഞ്ഞാറമൂട്

വ്യാപാരി വ്യവസായി സമിതി ജില്ലാ സമ്മേളനം 18ന് പിരപ്പൻകോട് റോയൽ കൺവൻഷൻ സെന്ററിൽ നടക്കും. സ്വാഗതസംഘം ഓഫീസ് കെ ആൻസലൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് എൻ സുധീന്ദ്രൻ അധ്യക്ഷനായി. സെക്രട്ടറി എം ബാബുജാൻ, ട്രഷറർ പി എൻ മധു, സ്വാഗതസംഘം കൺവീനർ ആർ എസ് സുനിൽ, ആർ അനിൽ, വിഴിഞ്ഞം സ്റ്റാൻലി, ഷാഹുൽ പാളയം, പാട്ടറ തുളസി തുടങ്ങിയവർ സംസാരിച്ചു.

ഓഫീസ് ഉദ്ഘാടനം ഇന്ന്

തിരുവനന്തപുരം

എൻജിഒ യൂണിയൻ വർക്കല ഏരിയ കമ്മിറ്റി ഓഫീസ് തിങ്കൾ വൈകിട്ട് നാലിന് സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ ഉദ്ഘാടനംചെയ്യും. യൂണിയൻ ജനറൽ സെക്രട്ടറി എം എ അജിത്കുമാർ അധ്യക്ഷനാകും. വി ജോയി എംഎൽഎ ഇ പത്മനാഭന്റെ ഫോട്ടോ അനാച്ഛാദനം ചെയ്യും.

ചാനൽ സിനിമ

കൈരളി

6.30	ജനാ
9.00	അമ്മ അമ്മായി അമ്മ
12.00	ബിഗ് ഒക്ടോപസ്
4.00	പൂജൈ
10.00	കൊച്ചി രാജാവ്

വി

7.00	നാടോടിക്കാറ്റ്
10.00	പികെ
3.00	മൈഡിയർ കരടി
6.00	അമ്പിളി
9.00	പെരുവണ്ണാപുരത്തെ വിശേഷങ്ങൾ

ഏഷ്യാനെറ്റ് മൂവീസ്

7.00	പുള്ളിപ്പുലികളും ആട്ടിൻകുട്ടിയും
10.00	മായാമോഹിനി
1.00	ഒരു യമണ്ടൻ പ്രേമകഥ
4.00	ഇൻ ഗോസ്റ്റ് ഹൗസ് ഇൻ
7.00	റിങ്മാസ്റ്റർ
10.30	സർക്കാർ കോളനി

സൂര്യ

8.30	വരൻ
2.30	മാടമ്പി

സൂര്യ മൂവീസ്

7.00	സിനിമാ കമ്പനി
10.00	ആകസ്മികം
1.00	ഷീടാക്സി
4.00	യു ടു ബ്രൂട്ടസ്
7.00	അങ്കിൾ
10.00	ആര്യ 2